# ശംഖൊലി



എൻ.എസ്.എസ്.
എച്ച്. എസ്. പാലോട്

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ വളരെയധികം മാറ്റിമറിച്ചു. പാഠപുസ്തകത്തിലുള്ള  അറിവുകൾക്ക് അപ്പുറം  പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ     ഒരു          വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടു വന്നിട്ടുണ്ട്. വിവരവിനിമയസാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയപങ്ക് വഹിക്കാനാവും.   സാങ്കേതികവിദ്യയോടുള്ള പുതുതലമുറയോടുള്ള ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുവാനായി "ലിറ്റിൽ കൈറ്റ്സ്" എന്ന കുട്ടികളുടെ ഐറ്റി കൂട്ടായ്മ ഹൈടക് പദ്ധതിയിലൂടെ കേരളത്തിലെ എല്ലാവിദ്യാലയങ്ങളിലും നടക്കുന്നുണ്ട്. കുട്ടികൾക്ക് വളരെ വിജ്ഞാനം നൽകുന്നതും   രസിപ്പിക്കുന്നതുമാണ്  ഈ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഇത്തരത്തിൽ ഒരു ക്ലബ്ബ് നമ്മുടെ സ്കൂളായ എൻ.എസ്.എസ്.എച്ച് എസ് പാലോട് സ്കൂളിലും  പ്രവർത്തിക്കുന്നുണ്ട്. അതിൽ ഉൾപ്പെട്ട കുട്ടികൾറൈറ്ററിലെയും, ജിമ്പിലെയും , ഇങ്ക്സ്കേപ്പിലെയും സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി  അവരുടെ സർഗ്ഗാത്മക രചനകൾ  "ശംഖൊലി" എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ രൂപത്തിൽ അവിഷ്കരിക്കുകയാണ് ശുഭകാര്യങ്ങൾക്ക് ആണല്ലോ ശംഖിന്റെ നാദം പുറപ്പെടുവിക്കുന്നത് വിദ്യാഭ്യാസ രംഗത്തെ മാറ്റത്തിന്റെ സൂചകമായി ശംഖൊലി എന്ന ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുകയാണ്.

# സന്ദേശം



ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി എൻ എസ് എസ് എച്ച് എസ് പാലോട് സ്കൂളിലെ കുട്ടികൾ മലയാളത്തിൽ തയ്യാറാക്കിയ കവിതകളും,, വിവരണങ്ങളും, കഥകളും, "ശംഖൊലി" എന്ന ഡിജിറ്റൽ മാഗസിന് മിഴവേകുന്നു.. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും.

ശ്രീകല . ബി

(ഹെഡ്മിസ്ട്രസ്)

# ഉള്ളടക്കം


വിദ്യാലയം.....2
ലിറ്റിൽ കൈറ്റ്സ്.....3
സത്യത്തെ മറികടക്കാൻ കഴിയില്ല.....10
സ്വപനം.....11
മലിനമായ നഗരം.....12
മാതൃകയാകുന്നസ്നേഹം.....13
അമ്മ.....15
നേര്.....16
കൃഷിചൊല്ലുകൾ.....17
അഹങ്കാരിയായ ചെടി.....18
കുരങ്ങന് പറ്റിയ അമളി.....19
പ്രാണസഖി.....21
ബുദ്ധിമാനായ കുരങ്ങൻ.....22
എന്റെ കുട്ടിക്കാലം.....23
യഥാർത്ഥ സുഹൃത്ത്.....24
കണ്ണുനീർ.....27
മലയാള ഭൂമി.....28
മഴ.....29
ഇലകൊഴിച്ച മരം.....30
പുതുമഴ.....31
സുഹൃത്ത്.....32

വേരുകൾ....................................................................................3

തേങ്ങലിന്റെ ഇരമ്പൽ....................................................................34

സൂനം....................................................................................36

അനുരാഗം....................................................................................37

തേനൂറും അറിവ്....................................................................................38

മത്സ്യകന്യക....................................................................................39

പറവ....................................................................................40

പ്രതിമ....................................................................................41

പ്രകൃതി ദുരന്തം....................................................................................42



# എഡിറ്റോറിയൽ സമിതി

| | |
|---|---|
| **ചീഫ് എഡിറ്റർ** | **ദേവാനന്ദ്. ആർ** |
| **എഡിറ്റർ** | **ഐശ്വര്യ അനിൽ** |
| **അംഗങ്ങൾ** | **ലക്ഷ്മി രാജ്** |
| | **സ്നേഹ** |
| | **ശ്രീലക്ഷ്മി** |
| | **അഭിരാമി** |
| | **ശ്രീകാന്ത്** |
| | **മിഥുൻ** |
| **കവർ പേജ്** | **മന്യ** |

# സ്കൂളിന്റെ ചരിത്രം

നായർ സർവ്വീസ് സൊസൈറ്റിയുടെ ഉടമസ്ഥതയിൽ **1957** ൽ സമുദായ ആചാര്യൻ 'ശ്രീ. മന്നത്തു പത്മനാഭൻ' സ്കൂൾ സ്ഥാപിച്ചു. അഞ്ച് മുതൽ പത്തു വരെ ക്ളാസുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ആദ്യത്തെ പ്രധാനഅധ്യാപകൻ ശ്രീ. കെ. രാമകൃഷ്ണപിള്ളയും, ആദ്യത്തെ വിദ്യാർത്ഥി പുഷ്കരാനന്ദൻ നായരുമാണ്. മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂളിന് 3 കെട്ടിടങ്ങളിലായി 15 ക്ലാസ് മുറികളും, ലാബ്, ലൈബ്രറി സൗകര്യങ്ങളും, വിശാലമായകളിസ്ഥലവും ഉണ്ട്. കമ്പ്യൂട്ടർ ലാബിൽ ഇൻർനെറ്റ് സൗകര്യവും ഐസിറ്റി സ്കീം വഴി ലഭിച്ച ഒൻപത് ലാപ് ടോപ്പുകളും , മൂന്ന് ഹൈടെക് ക്ലാസ്റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് , ജെ ആർ സി തുടങ്ങിയവയും പല വിഷയങ്ങൾക്കുള്ള ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ സ്കൂളിൽ ആറുക്ലാസുകൾമാത്രമാണ് പ്രവർത്തിക്കുന്നത്.

# വിദ്യാലയം

(കവിത)

എന്റെ വിദ്യാലയം
നന്മയൂറുന്ന വിദ്യാലയം
പൂവിലൂറുന്ന വിദ്യാലയം

നന്മകൾ വിളയുന്ന വിദ്യാലയം
തിന്മകൾ ഒഴിയുന്ന വിദ്യാലയം

വിദ്യാലയം വിദ്യാലയം.............
മാതൃഭാഷയാം മലയാളം
നുകരുന്ന വിദ്യാലയം
അമ്മയായിവിരിയുന്ന വിദ്യാലയം.

ദേവാനന്ദ്

# ലിറ്റിൽ കൈറ്റ്സ്

കേരള സർക്കാർ ഐ. ടി മിഷന്റെ ഭാഗമായാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തിക്കുന്നത്. കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. 2018 ജനുവരി 22- ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർഥിക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണുലഭിക്കുന്നത്. സാങ്കേതികരംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയമേഖലയിലെ പ്രായോഗികപരിശീലനം പരിശീലനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഗ്രാഫിക്സ് & അനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ്, പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ് പബ്ലിഷിങ്ങും, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ, മികവു പുലർത്തുന്നവർക്ക് സബ്ജില്ലാ, ജില്ലാ, സംസ്ഥാന തല ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി അവസരമൊരുക്കുന്നു.

# സത്യത്തെ മറികടക്കാൻ കഴിയില്ല

(കഥ)

ഒരിടത്ത് ഒരു ആനയും പാപ്പാനും ഉണ്ടായിരുന്നു. എന്നും കുളിക്കാൻ പുഴയിൽ പോകുന്ന സമയം. ഇവർ പോകുന്ന വഴിയിൽ ഒരു തയ്യൽകട ഉണ്ടായിരുന്നു. അവിടത്തെ തയ്യൽക്കാരൻ എല്ലാ ദിവസവും ആനയ്ക്ക് ഒരു പടല പഴം നൽകുമായിരുന്നു. ഇത് തുടർന്നു കൊണ്ടിരുന്നു. പെട്ടെന്ന് ഒരുസംഭവം നടക്കുകയുണ്ടായി. വെറും തെറ്റ് ധാരണയുടെ പുറത്ത് തയ്യൽക്കാരൻ ആനയ്ക്ക് പഴം കൊടുക്കുന്നതിനു പകരം സൂചി കൊണ്ട് ആനയെ വേദനിപ്പിച്ചു. ഇതിനു പകരമായി ആന തയ്യൽക്കാരനുമേൽ വെള്ളം വീഴത്തി. അപ്പോൾ തയ്യൽ ക്കാരന് ദേഷ്യം വന്നു. തയ്യൽക്കാരൻ ആനയോട് ചോദിച്ചു. നീ എന്തിനാണ് എൻെറ തോട്ടം നശിപ്പിച്ചത്. ആന പാപ്പാൻ പറഞ്ഞു. എൻെറ ആന അങ്ങനെ ചെയ്യില്ല. പിന്നെ ആരാണ് ചെയ്തത്. അപ്പോഴാണ് അടുത്തുള്ള കടക്കാരൻ പറഞ്ഞത് ഇന്നലെ തോട്ടത്ത് പന്നിയിറങ്ങിയതാണ് കാരണം. ആനയോട് ക്ഷമ പറഞ്ഞു. സത്യം അറിയാതെ ആരെയും തെറ്റ് ധരിക്കരുത്.

അഭിരാമി(IX)

# സ്വപ്നം

(കവിത)

ഞാൻ കാണുന്ന
സ്വപ്നമോ യാഥാർത്ഥ്യമോ?
അറിവിൻ ജനാല തുറന്നുവോ?
സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുമോ?

ഒരു കരസ്പർശത്തിൽ
മഴത്തുള്ളിപോലെ
വന്നുനിറയുന്നതാണോ?



കരളമാം മനുഷ്യന്റെ
മനസ്സുകളെ ഈറനാക്കുന്ന
സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്നുവോ?

ആദിത്യ

# മലിനമായ നഗരം

(കവിത)

ചാരുതയേകം നഗരം ഇന്ന്
മാലിന്യ കുമ്പാരം(2)
ആരവം മേന്തും പുഴകൾ ഇന്ന്
തേങ്ങികരഞ്ഞിടുന്നു(2)
നിർവൃതിയുള്ള വൃക്ഷതൈകൾ
തെങ്ങികരഞ്ഞിടുന്നു(2)
കാറ്റും പുഴകളും ചോദിക്കുന്നു
മണ്ണും മലകളും ചോദിക്കുന്നു
ആടുന്ന വൃക്ഷതൈകൾ ചോദിക്കുന്നു
പ്രകൃതി സൗന്ദര്യം എങ്ങുപോയി.(2)
(ചാരുത)




ശ്രീലക്ഷ്മി(IX)

# മാതൃകയാകുന്ന സ്നേഹം.

(കഥ)

ഒരു ഗ്രാമത്തിൽ കുറച്ചുകുട്ടികൾ മാത്രമുള്ള ഒരു സ്കൂൾ ഉണ്ടായിരുന്നു. അവിടെ കുറച്ച് അധ്യാപകരേ ഉള്ളൂ. ഒരു ദിവസം സ്കൂളിൽ വലിയ ഒരു മഴ പെയ്തു. കുട്ടികളെല്ലാവരും ക്ലാസിനകത്തിരുന്ന്ആഹ്ലാദിച്ചു. അധ്യാപകരും കുട്ടികളോടൊപ്പം ആഹ്ലാദിച്ചു. ആ മഴയത്ത് ഒരു വൃദ്ധയായ സ്ത്രീ മഴ നനഞ്ഞുകൊണ്ട് സ്കൂളിൽ വന്നു. അധ്യാപകരിൽ ഒരാൾ ആ സ്ത്രീയുടെ അടുത്തേക്ക് കുടയുമായി വന്നു. ആ സ്ത്രീയുടെ ദേഹമാകെ മുറിഞ്ഞിരുന്നു. അധ്യാപിക ആ സ്ത്രീയോട് എവിടെ നിന്ന് വരുന്നു എന്ന് ചോദിച്ചു. അവർ ഒരു മറുപടിയും കൊടുത്തില്ല. രക്ഷിക്കണം രക്ഷിക്കണം എന്ന വാക്കു മാത്രമേ പറഞ്ഞിരുന്നുള്ളൂ. നിങ്ങളുടെ ദേഹമെന്താണ് ഇങ്ങനെ മുറിഞ്ഞിരിക്കുന്നതെന്ന് അധ്യാപിക ചോദിച്ചു. ആ സ്ത്രീ വിറച്ചുകൊണ്ട് പറഞ്ഞു. എന്നെ കുട്ടികൾ ഉപദ്രവിച്ചു. എന്നെ നിങ്ങൾ രക്ഷിക്കണം. നിങ്ങളെ ആരാണ് ഉപദ്രവിച്ചത്. അധ്യാപിക ചോദിച്ചു. എനിക്ക് ഈ സ്ഥലമൊന്നും അറിയില്ല. ഞാൻ ആദ്യമായാണ് ഇവിടെ വരുന്നത്. ഇവിടെ എന്നെ സഹായിക്കുമെന്ന് എനിക്ക് വിശ്വാസമുള്ളതുകൊണ്ടാണ് ഞാൻ ഇവിടേക്ക് വന്നത്. നിങ്ങളെന്നെ സഹായിക്കണം. എന്നെ എന്റെ കുട്ടികൾ ഒരു നിഗൂഢമായ സ്ഥലത്ത് ഇറക്കി വിട്ടു. ഞാൻ വളരെ പാടുപെട്ടാണ് ഇവിടെയെങ്കിലും എത്തിയത്. കുട്ടികൾ കുഞ്ഞായിരുന്നപ്പോഴേ അവരുടെ അച്ഛൻ മരിച്ചു. അദ്ദേഹത്തിന്റെ



*മരണശേഷം ഞാനാണ് കുട്ടികളെ നോക്കിയിരുന്നത്. പലയിടത്തും ജോലി ചെയ്തു. മക്കളെ കല്യാണം കഴിപ്പിച്ചു. അവരുടെ ഭാര്യമാരെയും മക്കളെയും ഞാൻ നോക്കിയിരുന്നു. പക്ഷേ അവർക്ക് ഞാൻ ഭാരമായി തോന്നിയപ്പോൾ അവർ എന്നെ ഉപേക്ഷിച്ചു. ഞാനിപ്പോൾ അനാഥയാണ്. എന്റെ വീട് മക്കൾ ഇടിച്ചുനിരത്തി ഫ്ലാറ്റ് നിർമ്മിച്ചു. ഞാൻ ആരുമില്ലാത്തവളാണ്. അപ്പോൾ അധ്യാപിക പറഞ്ഞു എനിക്ക്അമ്മയില്ല, അച്ഛനില്ല, സഹോദരങ്ങളില്ല. അമ്മയുടെയും അച്ഛന്റെയും സ്നേഹം ഇതുവരെ ഞാൻ അനുഭവിച്ചിട്ടില്ല. അമ്മ എന്റെ വീട്ടിൽ വന്നു താമസിച്ചുകൊള്ളൂ, എന്റെ അമ്മയായി എന്റെയെല്ലാമെല്ലാമായി. മകളേ നിനക്ക് നൂറു കോടി പുണ്യം കിട്ടും. നീ എപ്പോഴും ഉയരങ്ങളിലേ എത്തുകയുള്ളൂ. അവർ സന്തോഷത്തോടെ വീട്ടിൽ പോയി.*

**ഐശ്വര്യ അനിൽ(IX)**


# അമ്മ

(കവിത)

പെയ്യും കാലവർഷം പോൽ നിൻ സ്നേഹം
വീശും കാറ്റുപോൽനിൻ താളം
ഒഴുകും നദിപോൽ നിൻ രാഗം
പൊളിയും മഞ്ഞുപോൽ നിൻ വദനം
വിടരും പൂവുപോൽ നിൻ ഭാവം
മുളയ്ക്കും തളിരുപോൽ നിൻ പുണ്യ
പുൽകുന്നു നിന്നെ ഞാനമ്മേ
നുകരുന്നു നിൻ സ്നേഹാമൃതം

ഞാൻ





# നേര്

(കവിത)

പറയാത്ത
വാക്കാണെന്റെ
ഹൃദയത്തിലലിഞ്ഞിറങ്ങിയത്
കേൾക്കാത്ത
സ്വരമാണെന്റെ
ചില്ലകൾക്ക് കൂട്ടുകൂടിയാത്
തെളിയാത്ത
ചിത്രങ്ങളാണ്
കണ്ണുകൾക്ക് വിസ്മയമായത്

ശ്രീകാന്ത്

# കൃഷി ചൊല്ലുകൾ

* അതിവിളവിന് അരി അങ്ങാടിയിൽ .
* ഒരു വിത്തുവിതച്ചാൽ പല വിത്തുവിളയാ .
* കണ്ടംവിറ്റ് കന്നിനെ വാങ്ങിയിട്ടെന്താ .
* ഇളങ്കോടൻ പടക്കാകാ ഇളന്തേങ്ങ കറിക്കാകാ .
* കതിരിന്മേൽ വളംവെയ്ക്കരുത്.
* കാലത്തേ വിതച്ചാൽ നേരത്തേ കൊയ്യാം
* മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കില്ല .
* കോരി വിതച്ചാൽ കുറച്ചേ കൊയ്യൂ .
* ഞാറ്റുറച്ചാൽ ചോറ്റുറച്ചു .
* നെല്ലറ പൊന്നറ .
* അധ്വാനത്തിന്റെ ചേറു കയ്ക്കും കായ മാധുരിക്കും
* അടയ്ക്കാ കട്ടാലും ആന കട്ടാലും കള്ളനെന്നാണ് പേര്
* കുംഭത്തിൽ നട്ടാൽ കുപ്പയിൽ മാണിക്യം
* മകരത്തിൽ മഴപെയ്യ്താൽ മലയാളം മുടിയും
* സമ്പത്തു കാലത്തു തൈ പത്തു വച്ചാൽ ആപത്തു കാലത്ത് കാ പത്തു തിന്നാം

സമർപ്പണം

ഒൻമ്പത് എ

# അഹങ്കാരിയായ ചെടി.

(കഥ)

ഒരു കാട്ടിൽ കുറെ മരങ്ങൾ ഉണ്ടായിരുന്നു. അവിടെ ഒരു പാവം മരം ഉണ്ടായിരുന്നു. ഈ മരത്തിനോട് മൃഗങ്ങൾക്കെല്ലാം നല്ല സ്നേഹമായിരുന്നു. അതുകൊണ്ട് എല്ലാ മരങ്ങളും ഈ മരത്തെ വളരെയേറെ സ്നേഹിച്ചിരുന്നു. ഒരിക്കൽ ഒരു കുട്ടി ഒരു ചെടി കൊണ്ടുവന്ന് അവിടെ നട്ടു. ആ ചെടി വളർന്നു. ഈ മരങ്ങളോട് ഈ ചെടിക്ക് അസൂയയായിരുന്നു. ഒരു ദിവസം ആ കാട്ടിൽകുറെ ആളുകൾ വീടുവയ്ക്കാനായിവന്നു. അപ്പോൾ അതിൽ ഒരാൾ പറഞ്ഞു, ഈ മരം മുറിച്ചാൽ മാത്രമേ നമുക്ക് വീട്ടു പണിയാൻ

പറ്റൂ. അപ്പോൾ അവരെല്ലാവരും അതിന് സമ്മതിച്ചു. അപ്പോൾ ആ ചെടി മാത്രം നിന്ന്ചിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ മൃഗങ്ങളെല്ലാം വന്ന് അവരെ ഓടിച്ചു. അവർ ഓടിയപ്പോൾ അവിടെനിന്ന ആ അഹങ്കാരിയായ ചെടികാലിനടിയിൽപെട്ട് മരിച്ചുപോയി. ആ മരങ്ങൾ മൃഗങ്ങളോട് നന്ദി പറഞ്ഞു. അവർ ആ കാട്ടിൽ സന്തോഷമായി ജീവിച്ചു.

സ്നേഹ

# കുരങ്ങന് പറ്റിയ അമളി.

(കഥ)

ഒരു കാട്ടിൽ ഒരു കുരങ്ങൻ ഉണ്ടായിരുന്നു. അവൻ മഹാ വികൃതിക്കാരനായിരുന്നു. കാട്ടിലുള്ള എല്ലാവരെയും അവൻ അസൂയയോടെ ആണ് കണ്ടിരുന്നത്. ഒരു ദിവസം അവൻ കൂട്ടില്ലാതെ മരക്കൊമ്പിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് അവന്റെ കൈ വഴുതി അവൻ താഴെ വീണു. മാവിൽ നിറയെ ഉറുമ്പായിരുന്നു. ഉറുമ്പുകടിച്ചവൻ താഴെ വീണു. എങ്കിലും രണ്ട് ചക്കരമാമ്പഴം അവൻ നെഞ്ചോടു ചേർത്തു പിടിച്ചിരുന്നു. അപ്പോഴാണ് അവൻ ഒരു കരടിയെ കണ്ടത്. അവർ പെട്ടെന്നുതന്നെ നല്ല കൂട്ടുകാരായി. കരടി കുരങ്ങനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. ഇതു കണ്ട കടുവ അത്ഭുതത്തോടെ നോക്കിനിന്നു. കുരങ്ങൻ അവനെ നോക്കി കളിയാക്കി ചിരിച്ചുകൊണ്ട് തുള്ളിച്ചാടിപ്പോയി. ഇത് കാടാകെ പരന്നു. ഇവർ ആഹാരം തേടി ഇറങ്ങി. സുന്ദരിയായ കരടിയെ കുരങ്ങൻ വല്ലാതെ ഇഷ്ടപ്പെട്ടു. അവർ സന്തോഷത്തോടെ കാട്ടിൽ തന്നെ കഴിഞ്ഞു.

ഒരു ദിവസം കുരങ്ങന് വല്ലാത്ത പനി. പുറത്തിറങ്ങാൻ കഴിയാത്ത മഴ. അവർ ഉള്ളതും കഴിച്ച് കിടന്നുറങ്ങി. പനിക്ക് ചെറിയ ശമനം ഉണ്ടായപ്പോൾ അവർ പുറത്തിറങ്ങി.

കൂട്ടുകാരില്ലാത്ത അവന് ഒരു കൂട്ട് കരടി ആയിരുന്നു. പോകുന്ന വഴിയിൽ അവന്റെ കാൽ തെറ്റി കുഴിയിലേക്ക് വീണു. മടിയനായ കരടി ഇവനെ ശ്രദ്ധിക്കാതെ വീട്ടിലേക്ക് പോയി. ഇവന്റെ വിളി കേട്ട മറ്റു മൃഗങ്ങൾ ഓടിയടുത്തെത്തി ഇവനെ രക്ഷിച്ചു. ഇവർ പിന്നീട് നല്ല കൂട്ടുക്കാരായി. കുരങ്ങന് തനിക്കു പറ്റിയ അമളി മനസ്സിലായി.

മന്യ

# പ്രാണസഖി

(കവിത)

ഒരുപാട് നാളായി കൊതിച്ചു.
ഇത്തിരി നല്ലോരു വാക്ക് മൊഴിയാൻ.
ഒരുപാട് നാളായി നടന്നു പുറകെ.
ഇത്തിരി നല്ലോരു നോട്ടം നോക്കാൻ.
മുല്ലകൾ വിരിയുന്ന നേരം.
മലർ മഞ്ഞുകൾ പൊഴിയുന്ന യാമം.
നിന്നെയോർത്ത് കഴിയുന്നു.
നിന്റെ ശബ്ദം കേൾക്കുന്നു.
നീ ചിരിച്ചു കളിച്ചു വരുന്ന
പുതിയ ഒരു യാമങ്ങൾ...
പുതിയ ഒരു യാമങ്ങൾ...
ഉണരുന്ന നിമിഷങ്ങൾ...

സമർപ്പണം...


മിഥുൻ ബാബു. ഏം

# ബുദ്ധിമാനായ കുരങ്ങൻ

(കഥ)


ഒരിടത്ത് ഒരു പാവം കുരങ്ങൻ ഉണ്ടായിരുന്നു. ആ കുരങ്ങൻ താമസിച്ചത് പുഴയരികിലെ ഒരു ജാമ്പ മരത്തിലായിരുന്നു. അവന് ഒരു കൂട്ടുകാരനായ മുതല ഉണ്ടായിരുന്നു. മുതല താമസിച്ചത് പുഴയിലായിരുന്നു. മുതലയ്ക്ക് എന്നും കുരങ്ങൻ ജാമ്പയ്ക്ക കൊടുക്കുമായിരുന്നു. ആ ജാമ്പയ്ക്ക വളരെ മധുരമായിരുന്നു. അതുകൊഒരിടത്ത് ഒരു പാവം കുരങ്ങൻ ഉണ്ടായിരുന്നു. ആ കുരങ്ങൻ താമസിച്ചത് പുഴയരികിലെ ഒരു ജാമ്പ മരത്തിലായിരുന്നു. അവന് ഒരു കൂട്ടുണ്ട് മുതലയ്ക്ക് ജാമ്പയ്ക്ക വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം കുരങ്ങൻ മുതലയ്ക്ക് ജാമ്പയ്ക്ക കൊടുത്തു. അതുമായി മുതല വീട്ടിൽ എത്തി. ജാമ്പയ്ക്ക മുതലയുടെ ഭാര്യയ്ക്ക് കൊടുത്തു. അപ്പോൾ മുതലയുടെ ഭാര്യ പറഞ്ഞു, ഇത്രയും മധുരമുള്ള ജാമ്പയ്ക്ക തന്ന കുരങ്ങന്റെ ഹൃദയത്തിന് എത്രമാത്രം മധുരം കാണും. എനിക്ക് കുരങ്ങന്റെ ഹൃദയം വേണം. മുതല പറഞ്ഞു, അവൻ എന്റെ ഉറ്റ ചങ്ങാതിയാണ്. ആയതിനാൽ ഞാൻ ഇത് ചെയ്യില്ല. എന്നിട്ടും മുതലയുടെ ഭാര്യ നിർബന്ധിച്ചു. അങ്ങനെ മുതല സമ്മതിച്ചു. പിറ്റേ ദിവസം മുതല കുരങ്ങന്റെ അടുത്ത് ചെന്നു. മുതല കുരങ്ങനോട് പറഞ്ഞു എന്റെ വീട്ടിൽ നീ വരണം. പിന്നിൽ ഒളിച്ചിരിക്കുന്ന ചതി മനസ്സിലാക്കാതെ





കുരങ്ങൻ സമ്മതിച്ചു. അങ്ങനെ അവർ പുഴയുടെ നടുവിലെത്തി. അപ്പോൾ മുതല പറഞ്ഞു, എന്റെ ഭാര്യയ്ക്ക് നിന്റെ ഹൃദയം വേണമെന്ന് പറഞ്ഞു. നീ ഇത് നേരത്തേ പറഞ്ഞിരുന്നെങ്കിൽ ഞാൻ ംെല്റ ഹൃദയം നൽകിയേനേ. എന്റെ ഹൃദയം മരത്തിനു മുകളിൽ ഇരിക്കുകയാണ്. നമുക്ക് അതു പോയി എടുക്കാം. അവർ മരത്തിനു ചുവട്ടിൽ എത്തുകയും കുരങ്ങൻ വേഗം മരത്തിനു മുകളിലേക്കു ചാടി കയറി തന്റെ ജീവൻ രക്ഷിക്കുകയും ചെയ്തു.

ശരണ്യ



# എന്റെ കുട്ടിക്കാലം

(കവിത)

നല്ലപൂക്കൾപറിച്ചു കളിക്കാം
നല്ലപൂക്കളും ഒരുക്കിതീർക്കാം
നല്ലപൂപോലങ്ങ് ചിരിക്കാം
നല്ലകൂട്ടുകൾ കൂടിടാം
കൊച്ചുമണ്ണപ്പം ചുട്ടുകളിക്കാം
കുഞ്ഞിക്കണ്ണുകൾ പൊത്തികളിക്കാം
നല്ലകൂട്ടുകൾ കൂടിടാം....................

സ്നേഹ

# യഥാർത്ഥ സുഹൃത്ത്

പണ്ടു പണ്ടു ഒരു കാട്ടിൽ ധാരാളം മൃഗങ്ങൾ ഉണ്ടായിരുന്നു. അവർ വളരെ സ്നേഹമുള്ളവയാണ്. അന്ന്

ഒരു നാൾ അവർ ഒരു മഴയ്ക്ക്വേണ്ടി കാത്തിരുന്നു. അന്ന് ഒക്കെ വളരെ ചൂടായിരുന്നു. അന്ന് ദാഹജലം പോലും ഇല്ലായിരുന്നു. അങ്ങനെ ആ കാട്ടിൽ ഒരു ഒട്ടകം ഉണ്ടായിരുന്നു. അങ്ങനെ ഒരു നാൾ ഒരു കുരങ്ങൻ ജലം കിട്ടാതെ അലഞ്ഞുനടക്കുകയായിരുന്നു. അങ്ങനെ അതു വഴി ഒരു ഒട്ടകം വന്നു. അങ്ങനെ കുരങ്ങ് ഒട്ടകത്തിനോട് ചോദിച്ചു.

ചേട്ടാ ജലത്തിനായുള്ള കുളം എവിടെയാണ് ഉള്ളത്. നീ ജലം കിട്ടാതെ അലയുകയാണോ? അങ്ങനെ ഈ ഒട്ടകം അകലെ ഒരു കുളം ഉണ്ടെന്ന് പറഞ്ഞു. കുരങ്ങൻ ഒട്ടകത്തിനോട് പറഞ്ഞു. ചേട്ടാ എനിക്ക് ഒരടി നടക്കാൻ വയ്യാ. പിന്നെ എങ്ങനെയാണ് ഞാൻ വെള്ളം കുടിക്കാൻ പോവുക. നീ വാ ഞാൻ കൂടെ വരാം. കുരങ്ങാ നീ എൻെറ മുകളിൽ കയറിക്കോ.

ചേട്ടാ ഞാൻ ഒരു കാര്യം ചോദിക്കട്ടെ. ചേട്ടന് വെള്ളം ദാഹം ഇല്ലെ. ഒട്ടകം ആയ എനിക്ക് ജലം

സംഭരിച്ചു വയ്ക്കാൻ കഴിയും. എങ്ങനെ, നീ എന്റെ മുതുകത്ത് ഒരു വലിയ മുഴകണ്ടോ , അവിടയാ

ജലം സംഭരിക്കാറ്. അങ്ങനെ അങ്ങനെ കാര്യം പറഞ്ഞ് പറഞ്ഞ് കുളം കണ്ടെത്തി. കുരങ്ങ് ആവശ്യത്തിന് ജലം കുടിച്ചു. അവർ ആണ് യഥാർഥ സുഹൃത്ത്. അവർ സന്തോഷത്തോടെ തിരിച്ചു പോയി.

അഭിരാമി

# കണ്ണുനീർ

(കവിത)

നീ എന്തെ കരഞ്ഞുവോ?
നിന്റെ കണ്ണുനീർ വിതുമ്പിയോ?
കരയരുത് സഖീ.......
കരയരുത് ഓർമ്മകളുണ്ട്
ബാക്കിയായി!
ഓർമ്മകൾ മരിക്കുന്നില്ല
ചുട്ടെരിക്കാൻ കഴിയുന്നുമില്ല
പൊട്ടിച്ചിരിച്ചുകൊണ്ടോടി
ഒളിക്കുന്ന ഓർമ്മകൾ
മറന്നുവെന്നോ സഖീ......
വിശ്രാന്തിക്കൊള്ളുക
കണ്ണീർ തുടയ്ക്കുക
അജൻ നിന്റെ മാല-
കറ്റാൻ എത്തുമല്ലോ സഖീ.........

കരളമാം കണ്ണീരിന്
അടിമയായോ സഖീ.......
ഓർമ്മകളുണ്ട് കരയരുത് നീ.

അനൂപ്

# മലയാള ഭൂമി.

(കവിത)

എത്ര സുന്ദരം എത്ര സുന്ദരം
എന്റെ മലയാളഭൂമിതൻ
പൂക്കളും പൂമ്പാറ്റകളും പുഞ്ചിരിക്കും
നാടിത്...
കുയിലുകൾ പാട്ടുപാടിടും...
മയിലുകൾ നൃത്തം ചെയ്തീടും.
എന്റെ നാട്....എന്റെ നാട്....
എന്റെ നാട്........

സ്നേഹ

# മഴ

(കവിത)

ആകാശത്തിലെ പറവകൾ എല്ലാം
തുള്ളി ചാടിയിരിപ്പൂ(2)
മഴ വന്നല്ലോ മഴ വന്നല്ലോ
പുഞ്ച പാടം നിറഞ്ഞല്ലോ(2)
മഴ പെയ്തപ്പോൾ കുട്ടികൾ
വന്നു തുള്ളിചാടി രസിക്കാൻ(2)

ശ്രീലക്ഷ്മി

# ഇലകൊഴിച്ച മരം

(കഥ)

ഒരു പ്രകൃതിരമണീയത്താൽ പുതയ്ക്കപ്പെട്ട കാട് അവിടെ നിരവധി മരങ്ങൾ ഉണ്ടായിരുന്നു ആ മരങ്ങൾക്കിടയിൽ മറ്റ മരങ്ങളിൽ നിന്നും വ്യത്യസ്തനായ ഒരു മരമുണ്ട്. ആ മരമാണ് മുത്തശ്ശിമരം.

പക്ഷെ ആ മരത്തെ കണ്ടാൽ മുത്തശ്ശിമരമാണെന്ന് പറയുകയില്ല. മുത്തശ്ശിമരത്തിൽ നിരവധി ചില്ലകളും

നല്ല ഉയരവുമുണ്ടായിരുന്നു. നിരവധി ചില്ലകളുണ്ടായിരുന്നതിനാൽ ഒരുപാട് പക്ഷികളും മറ്റ ജീവജാലങ്ങളും ആസ്രയം തേടിയിരുന്നത് മുത്തശ്ശിമരത്തെയാണ്. പക്ഷെ എവിടെയും ഉണ്ടായിരിക്കുമല്ലോ ഒരു വലിയൊരു പ്രശ്നം. ഇവിടത്തെ പ്രശ്നം ഒരു മന്ത്രവാതിനിയാണ്.

ഈ മന്ത്രവാതിനി അധിക്രൂരയും കോപിഷ്ഠയുമായിരുന്നു. മന്ത്രവാധിനി അന്തരീക്ഷത്തിലൂടെയാണ് സഞ്ചരിക്കുന്നതെന്ന്

# പുതുമഴ

മഴ മഴ മഴ മഴ മാനത്ത്
ചറ പറ ചറ പറ താഴത്ത്
മാരിവില്ലുകൾ മാനത്ത്
മാനും മയിലും താഴത്ത്
കുയിലുകൾ കൂകും കൂ.. കൂ.. കൂ..
തവളകൾ കരയും ക്രോം.. ക്രോം..ക്രോം..
മയിലുകൾ നൃത്തം വച്ചീടും
പൂക്കൾ പുഞ്ചിരി തൂകീടും
ജലമില്ലാത്തവർക്കാശ്രയമായ്
മഴയേ മഴയേ പെയ്തീടൂ...

ഐശ്വര്യ അനിൽ

# സുഹൃത്ത്

(കവിത)

*കരളിന്റെ കരളായ*
*പൂവുകളേ........*
*കുളിരിന്റെ അലകളിൽ*
*അലിഞ്ഞൊഴുകുമി*
*നന്മ വിളയുന്ന കൂട്ടുകാരെ....*
*പുഴപാടിയൊഴുകുന്നു.......*
*അലതല്ലിയൊഴുകുന്നു......*
*കെട്ടിപ്പിടിച്ചും*
*പൊട്ടിച്ചിരിച്ചും*
*വാശിപിചിച്ചുംഅണയും കൂട്ടുക്കാർ നമ്മൾ.*

*അൽ സാവിത്ത്*

# വേരുകൾ

(കവിത)

ജിവതമാം നടകഭൂവിൽ താങ്ങായ്
നിൽപ്പത്തുവെരുകൾ
(പകൃതിതൻ തലോലല ലാളന
പുൽകുമീ
പൊൻമണി ദീപമാ വേരുകൾ
എന്നെ ഞാനാക്കിതീർത്തത്
എന്നിലേക്ക് പടർന്നിറങ്ങിയ
വേരുകൾ
കളിചിരി കുസൃതികൾ
(ജിവിതം )

ദേവാനന്ദ്

# തേങ്ങലിന്റെ ഇരമ്പൽ

(കവിത)

തേങ്ങി കരയുവാൻ വയ്യെന്നോ?
ഈ പ്രത്യഹ്യം തോറും.
അജൻ കൈവെടിഞ്ഞുവോ
ഈ പാവമാം വൃദ്ധയെ...............
പ്രഹരം കൊണ്ട്
മറന്ന് മറന്നവരേ
മറന്നുവോ നീ നിന്റെ
മാതാപിതാക്കളേ...............

ഓജസ്സ് നഷ്ടപെട്ടുവോ?
ഉദ്വേഗം നഷ്ടപെട്ടുവോ?
മാതാപിതാക്കളെ
വെറുത്തുവോ?

പാഥികൾക്ക മുന്നിൽ
തെരുവുനായ്ക്ക മുന്നില്
വലിച്ചെറിഞ്ഞുവോ നീ
മാതാപിതാക്കളെ...........

പാവമാം മാതാപിതാക്കളെ

***നിങ്ങൾ മറന്നുവോ?***

***നിങ്ങൾ മറന്നുവോ.............***

***കഠിന മനസ്സുള്ള***
***മക്കൾക്ക് ഞങ്ങൾ***
***വെറുമൊരു ഭിക്ഷുക്കൾ............***

***മറക്കുകില്ല മരിക്കുവോളം***
***മാതാപിതാക്കൾ മക്കളേ***
***ഓർമ്മിക്കും തേങ്ങലിൻ***
***ഇരമ്പലോടെ.................***

***രാജേഷ്***

# സൂനം

(കവിത)

അലകളായിയൊഴുകുന്ന
പൂവുകളേ
എത്തിയോ നിന്റെ
കാമുകൻ?
വിശ്രാന്തികൊള്ളുകയാണോ നീ
പുഞ്ചിരിച്ചട്ടുത്തുവരാൻ
കാമുകൻ പുഞ്ചിരിച്ചട്ടുത്തുവരാൻ
കാർവണ്ടു വന്നു
തുമ്പികൾ വന്നു
പാട്ടിന്റെ ഈണവുമായി
അലിഞ്ഞൊഴുകുമീ
പാട്ടുകൾ ആദ്യാനുരാഗം പാടി
എന്നിൽ നീ വരികില്ലേ
അന്നാദ്യം കണ്ടൊരുരാവിൽ
എന്നിൽ പൂഞ്ചിരിവിടർന്നകേട്ട്
നീയുണരൂ...... നീയുണരൂ.....

ലക്ഷ്മി രാജ്

# അനുരാഗം

(കവിത)

ആദ്യാനുരാഗം പാടി
എന്നിൽ നീ വരികില്ലെ
അന്നാദ്യം കണ്ടൊരുരാവിൽ
എന്നിൽ പുഞ്ചിരിവിടർന്നല്ലോ
രാവിന്റ വെളിച്ചത്തിൽ
നിൻ പൂഞ്ചിരി വിടരുന്നു
പൂവിന്റ ഇതൾപോലെ
നിൻ ചുണ്ടുകൾ വിരിയുന്നു
നിൻ വദനം കാണുമ്പോൾ
എൻ മനസ്സിൽ കുളിരുന്നു
നിന്നെ ഞാൻ കാത്തിരിക്കാം
ഒരു രാവിൽ നീ വരികില്ലേ
എൻ മാറിൽ  മയങ്ങില്ലേ

(ദേവാനന്ദ്& സിദ്ദിഖ്& നന്ദു)

# തേന്നൂറും അറിവ്

അമ്മയിൽ നിന്ന് ലഭിക്കും
നന്മയൂറുന്ന മാതൃസ്നേഹം
അച്ഛനിൽ നിന്ന് ലഭിക്കും
മധുരമൂറുന്ന വാത്സല്യം
അധ്യാപകനിൽ നിന്ന് ലഭിക്കും
നന്മയൂറുന്ന മലയാളം
മലയാളഭാഷ മാതൃസ്നേഹം
കൂട്ടുകാരിൽ നിന്ന് പകരുന്നു
തേന്നൂറും അറിവുകൾ
പ്രകൃതിയുടെ മക്കളാകുന്ന
പക്ഷിമൃഗാധികൾ
ചൊരിയുന്നിതാ മാതൃസ്നേഹം.

ഐശ്വര്യ അനിൽ

# മത്സ്യകന്യക

കടലിന്റെ ആഴങ്ങളിൽ
സുന്ദരമായ ലോകത്ത്
ജീവിക്കുന്നു ഞങ്ങൾ
മത്സ്യകന്യകമാർ
സുഖദുഃഖങ്ങൾ
ഉള്ളിലൊതുക്കി
ജീവിക്കുന്നു ഞങ്ങൾ
ആഴങ്ങളിൽ കുതിച്ചുയരുന്ന
കടലിൻ ദീപനാളങ്ങൾ
ഞങ്ങൾ ..........

ശ്രീലക്ഷ്മി

## പറവ

സ്വർണ്ണച്ചിറകുകൾ വീശി  വീശി

സ്വപ്നലോകത്തെ പറവകളെ

നിന്റെ സ്വർഗ്ഗം എവിടെയാണ?

ഇനൻ പൊലിഞ്ഞാൽ

നീ എന്തു ചെയ്യും?

തനിച്ചാവുകയില്ലേ നീ?

നിന്റെ കൂടെ കൂട്ടിന് ഇണയായ്

ഞാനും കൂടി വന്നോട്ടെ?

ലക്ഷ്മിരാജ്

# പ്രതിമ

എത്ര സുന്ദരം എത്ര മനോഹരം
എന്റെ പ്രതിമ
ഏതു സൃഷ്ടി പണിയിച്ചു നൽകി
നിന്റെയീ പൂമേനി
ആരാണ നീ ദേവതേ?
ഏതു പുണ്യ സദസ്സിൽ നിന്ന്
വന്നു നീ?
എൻ പ്രിയ ദേവതേ.............

അഭിരാമി

എത്ര സുന്ദരം എത്ര മനോഹരം
എന്റെ പ്രതിമ
ഏതു സൃഷ്ടി പണിയിച്ചു നൽകി
നിന്റെയീ പൂമേനി
ആരാണ നീ ദേവതേ?
ഏതു പുണ്യ സദസ്സിൽ നിന്ന്
വന്നു നീ?
എൻ പ്രിയ ദേവതേ.............

അഭിരാമി

# പ്രകൃതി ദുരന്തം

**2018 ആഗസ്റ്റ് മാസത്തിൽ കേരളത്തെ ഒട്ടാകെ നടുക്കിയ പ്രകൃതി ദുരന്തം നമ്മെ തേടി എത്തി. ഈ ദുരന്തം നമ്മെ തേടി എത്തിയത് പ്രളയമായാണ്. ഈ പ്രളയം മലയാള മനസ്സിൽ ഇപ്പോഴും ഓർമ്മകളായി അലതല്ലുന്നു. വളരെയധികം പേർക്ക് പാർപ്പിടവും മറ്റു വില പിടിപ്പുള്ള വസ്തുക്കളും നഷ്ടമായി. വളരെയധികം ആളുകൾക്ക് ജീവഹാനി സംഭവിച്ചു. ആളുകൾ കുടിവെള്ളവും ഭക്ഷണവും ഇല്ലാതെ വലഞ്ഞു. വെള്ളം എത്തിപ്പെടാത്ത വിദ്യാലയങ്ങളും പൊതുസ്ഥലങ്ങളുമെല്ലാം ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചു. കേരളത്തിലെ ജനങ്ങൾ പരസ്പരം കൈതാങ്ങാകുന്ന കാഴ്ച നമുക്കു കാണാൻ കഴിഞ്ഞു. എല്ലാവരും സമന്മാരായി തീരുന്ന കാഴ്ചയും നമുക്കു കാണാൻ കഴിഞ്ഞു. പുതിയകേരളം ഉടലെടുക്കുന്നതിന് എല്ലാവരും കൈ കോർത്തു പിടിച്ചു. ഇപ്പോഴും പുനരധിവാസപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.**

## പ്രകൃതി ദൃശ്യം






മന്യ


പൊയ്‌പ്പോയ കാലം 2018